**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2210** **05.02.2026-ൽ മറുപടിയ്ക്ക്**

**<u>കാസർഗോഡ് ഗവ. മെഡിക്കൽ കോളേജിലെ സേവനങ്ങൾ</u>**

| | **ചോദ്യം** | | **മറുപടി** |
|---|---|---|---|
| | **ഡോ. എം. കെ. മുനീർ :** | | **ശ്രീമതി. വീണാ ജോർജ്**<br>**(ആരോഗ്യ-വനിതാ-ശിശുവികസന വകുപ്പുമന്ത്രി)** |
| (എ) | കാസർഗോഡ് ഗവ. മെഡിക്കൽ കോളേജിൽ നിലവിൽ എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് ഉള്ളതെന്ന് വിശദമാക്കുമോ; | (എ) | നിലവിൽ കാസർഗോഡ് മെഡിക്കൽ കോളേജിൽ MBBS ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. ഹോസ്പിറ്റൽ ബ്ലോക്ക് പ്രവർത്തന സജ്ജമായിട്ടില്ലാത്തതിനാൽ കാസർഗോഡ് ജനറൽ ഹോസ്പിറ്റലിലാണ് വിദ്യാർത്ഥികൾക്കുള്ള ക്ലിനിക്കൽ പഠനങ്ങൾ നടത്തിവരുന്നത്. കൂടാതെ അക്കാദമിക് ബ്ലോക്കിൽ ലാബ് സൗകര്യങ്ങൾക്കായി 2.3 കോടി രൂപയുടെ ഭരണാനുമതി നൽകുകയും മോഡ്യുലാർ ലാബുകൾ സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ് മെഡിക്കൽ കോളേജിൽ പൂർണ്ണസജ്ജമായ അക്കാദമിക് ബ്ലോക്ക് പ്രവർത്തിക്കുന്നുണ്ട്. ടി ബ്ലോക്കിൽ തന്നെ ഒ.പി സേവനങ്ങളും നൽകുന്നുണ്ട്.<br>കാസർഗോഡ് മെഡിക്കൽ കോളേജിൽ മെഡിസിൻ, ജനറൽ മെഡിസിൻ, ന്യൂറോ മെഡിസിൻ, പൾമണോളജി, ഒ.എം.എഫ്.എസ്, ഇ.എൻ.ടി, പീഡിയാട്രിക്, സൈക്യാട്രി, ഡെർമറ്റോളജി, ഓർത്തോപീഡിക്സ് എന്നീ വിഭാഗങ്ങളിൽ ഒ.പി വഴി സേവനങ്ങൾ നൽകി വരുന്നു. കൂടാതെ ലാബ്, എക്സ്റേ, മരുന്നുകൾ എന്നിവ സൗജന്യമായി നൽകി വരുന്നു. |
| (ബി) | പ്രസ്തുത മെഡിക്കൽ കോളേജ് പൂർണ്ണ തോതിൽ സജ്ജമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | കാസർഗോഡ് മെഡിക്കൽ കോളേജിലെ അക്കാദമിക് ബ്ലോക്കിന്റെ പണി പൂർത്തീകരിക്കുകയും ഹോസ്പിറ്റൽ ബ്ലോക്കിന്റെ പണി **60%** പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ക്യാമ്പസ് റോഡുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. Environmental Clearance Certificate ലഭിച്ചിട്ടുണ്ട്.<br>**<u>ഒന്നാംഘട്ടം: ക്യാമ്പസ് റോഡ്, കുഴൽക്കിണർ എന്നിവയുടെ നിർമ്മാണം</u>**<br>99,75,877/-രൂപയുടെ ഭരണാനുമതി നൽകിയ പദ്ധതി പൂർത്തിയായിട്ടുണ്ട്.<br>**<u>രണ്ടാംഘട്ടം: സ്റ്റേജ്-I: അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം</u>**<br>കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി |

അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി 25 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. അക്കാദമിക് ബ്ലോക്കിന്റെ ഇലക്ട്രിക്കൽ, ELV വർക്കുകൾ, അഗ്നി സുരക്ഷാ സംവിധാനം തുടങ്ങിയവയ്ക്കായി Rs.523.04 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കാസർഗോഡ് വികസന പാക്കേജുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളും അവയുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച് താഴെ വിവരിക്കുന്നു .

| നമ്പർ | പദ്ധതിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | സിവിൽ വർക്കുകൾ | 100% പൂർത്തിയായി. |
| 2 | ഇലക്ട്രിക്കൽ വർക്കുകൾ | 100% പൂർത്തിയായി.<br>HT കണക്ഷനുമായി ബന്ധപ്പെട്ട് നടപടികൾ പൂർത്തിയാക്കി KSEB യുമായി HT കണക്ഷൻ കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 3 | അഗ്നി സുരക്ഷാ സംവിധാനം | 100% പൂർത്തിയായി. NOC ലഭ്യമാക്കുവാനുള്ള അഡീഷണൽ വർക്കുകൾ ചെയ്യുന്നതിന് കരാറുകാരന് നിർമ്മാണ ഏജൻസി കത്ത് നൽകിയിട്ടുണ്ട്. |
| 4 | ELV വര്ക്കുകൾ | Phase 1 – 100 % പൂർത്തിയായി. (cabling works)<br>Phase 2 – പുതുക്കിയ എസ്റ്റിമേറ്റുകൾ കിറ്റ്കോ സമർപ്പിച്ചത് KDP യിലേക്ക് അയച്ചിരുന്നു എങ്കിലും ഭരണാനുമതി തുകയിൽ വ്യത്യാസം വരുന്നതിനാൽ എത്ര രൂപയാണ് വ്യത്യാസം വരുന്നത് എന്ന് കൃത്യമായി അറിയിക്കാൻ KDP നിർദ്ദേശിച്ചിട്ടുണ്ട്. അതിനുവേണ്ടി വ്യക്തമായ മറുപടികൾ കിറ്റ്കോയിൽ നിന്നും തേടിയിട്ടുണ്ട്. |
| 5 | എലിവേറ്റർ സംവിധാനം | 100% പൂർത്തിയായി. |
| 6 | വെന്റിലേഷന് സംവിധാനം | Order No.DCKSGD/1652/2022-PAIT/KDP(497) dtd: 16/12/2024 പ്രകാരം വെന്റിലേഷൻ ആന്റ് അനുബന്ധ ഇലക്ട്രിക്കൽ വർക്കുകൾക്കായി 78.57 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി KDP യിൽ നിന്നും ലഭ്യമായിട്ടുണ്ട്. എന്നാൽ DSR മാറ്റം വന്നതിനാൽ ഭരണാനുമതി തുക പുതുക്കേണ്ടതുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| 7. | മോഡ്യുലാർ ലാബ് നിർമ്മാണം | KMSCL റേറ്റ് കോൺട്രാക്ട് മുഖേന മോഡ്യുലാർ ലാബ് സ്ഥാപിക്കുന്നതിനായി KDP മുഖേന 2.39 കോടി രൂപയുടെ ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. KMSCL മുഖേന മോഡ്യുലാർ ലാബ് സ്ഥാപിച്ചിട്ടുണ്ട്. |
| 9 | റസിഡന്ഷ്യൽ ഫെസിലിറ്റീസ് നിർമ്മാണം | സ.ഉ(സാധാ)നം.101/2024/P&EA തീയതി: 15/03/2024 പ്രകാരം 36,96,18,589/- രൂപയുടെ ഭരണാനുമതി ലഭിച്ച ടി പദ്ധതിയുടെ സിവിൽ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട MEP വർക്കുകൾ KIIFB പദ്ധതി വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ടി പദ്ധതി ULCCS ന് നൽകിയിരിക്കുന്നത് 7,29,19,206/- രൂപയ്ക്കാണ്. |
| 10 | വാട്ടർകണക്ഷൻ | സ.ഉ(സാധാ)നം.65/2020/P&EA തീയതി: 03.02.2020 പ്രകാരം KDP വഴി മെഡിക്കൽ കോളേജിലേക്കായി 08 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. നിലവിൽ വാട്ടർ കണക്ഷൻ ലഭ്യമാകുകയും ചെയ്യുന്നുണ്ട്. |

**<u>രണ്ടാംഘട്ടം: സ്റ്റേജ്-II: ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം (നബാർഡ് ട്രാഞ്ചെ XX പദ്ധതി)</u>**

സ. ഉ (സാധാ) നം.2224/2017/ആ.കു.വ തീയതി: 08/08/17 എന്ന ഉത്തരവ് പ്രകാരം ആശുപത്രി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തികൾക്കായി 95,08,75,877/- രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. അതിൽ നബാർഡ് ലോൺ 58.18 കോടി രൂപയാണ്. നബാർഡ് ട്രാഞ്ചെ XX -ൽ ഉൾപ്പെട്ട ഈ പദ്ധതിയുടെ നിർമ്മാണ കാലാവധി കഴിഞ്ഞിട്ടുണ്ട്. പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് താഴെ വിവരിക്കുന്നു.

| പദ്ധതിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|
| സിവിൽ വർക്കുകൾ | **60%** പണികൾ പൂർത്തിയായി. നിലവിൽ 49.8 കോടി രൂപയുടെ പണികൾ പൂർത്തിയായിട്ടുണ്ട്. കെട്ടിടത്തിന്റെ ഫിനിഷിംഗ് ജോലികൾ ഇലക്ട്രിക്കൽ വർക്കുകൾക്ക് ശേഷമേ ചെയ്യാൻ കഴിയുകയുള്ളൂ. നിലവിൽ ഇലക്ട്രിക്കൽ വർക്കുകൾ ചെയ്യുന്നതിന് കിഫ്ബി മുഖേന ഭരണാനുമതി ലഭ്യമാകുകയും ഇലക്ട്രിക്കൽ ജോലികൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അവാർഡ് ചെയ്തിട്ടുണ്ട്. നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പണിയുന്ന ആശുപത്രി കെട്ടിടത്തിന്റെ നബാർഡ് ട്രാഞ്ചെ കാലാവധി കഴിഞ്ഞിട്ടുണ്ട്. എന്നാൽ കിഫ്ബി പദ്ധതിയിൽപ്പെടുത്തി ആശുപത്രി കെട്ടിടത്തിന്റെ ബാക്കി പണികൾ പൂർ |

| | |
|---|---|
| | ത്തീകരിക്കുന്നതിനുള്ള അനുമതി സർക്കാർ G.O. (Rt)No.2079/2024/H&FWD Dated:30-08-2024 പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. കിഫ്ബി മുഖേന വർക്കുകൾ ആരംഭിക്കുന്നതിനായി നേരത്തെയുള്ള കരാറുകാരന്റെ എഗ്രിമെന്റ് ഫോർക്ളോസ് ചെയ്തിട്ടുണ്ട്. തുടർന്ന് കിഫ്ബി മുഖേന ബാക്കി പണികൾ ചെയ്യുന്നതിനായി വർക്കുകൾ ടെണ്ടർ ചെയ്തിട്ടുണ്ട്. നിലവിൽ ടെണ്ടറിൽ 3 ബിഡ്ഡുകൾ ലഭിച്ചിട്ടുണ്ട്. തുടർന്ന് ഏറ്റവും കുറഞ്ഞ തുക ബിഡ് ചെയ്ത ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന M/s ത്രിലോക് ആന്റ് അസോസിയേറ്റ്സ് എന്ന കമ്പനിയ്ക്ക് 41,23,50,644/-രൂപയ്ക്ക് ഹോസ്പിറ്റൽ ബ്ലോക്കിന്റെ ബാക്കി പ്രവർത്തികൾ അവാർഡ് ചെയ്തിട്ടുണ്ട്. |
| അഗ്നി സുരക്ഷാ സംവിധാനം | കിഫ്ബി മുഖേന ബാക്കി പണികൾ ചെയ്യുന്നതിനായി വർക്കുകൾ ടെണ്ടർ ചെയ്തിട്ടുണ്ട്. |
| ഇലക്ട്രിക്കൽ വർക്കുകൾ | പദ്ധതികൾ KIIFB പ്രോജക്റ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ടി പ്രവർത്തികൾക്കുവേണ്ടി Order No.02/TC-H&FWD/2022 dtd: 14.07.2022 പ്രകാരം 26,17,16,000/- രൂപയുടെ സാങ്കേതികാനുമതി ലഭ്യമാകുകയും ടെണ്ടർ നടപടികൾക്ക് ശേഷം കിറ്റ്കോ ടി പ്രവർത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |

**മൂന്നാംഘട്ടം: കിഫ്ബി പദ്ധതിയിൽ ഉള്പ്പെടുത്തിയുള്ള കാസർഗോഡ് മെഡിക്കൽ കോളേജിന്റെ വികസനം**

കാസര്ഗോഡ് മെഡിക്കൽ കോളേജിലെ കിഫ്ബി പദ്ധതിക്കായി **160,23,40,367/-** രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. തുടർന്ന് ടി ഭരണാനുമതി പുതുക്കുകയും സ.ഉ.(സാധാ)നം.2079/2024/ആ.കു.വ, തീയതി:30/08/2024 പ്രകാരം ചുവടെ പറയുന്ന പദ്ധതികൾക്ക് തുക അനുവദിക്കുകയും ചെയ്തു.

- ഹോസ്പിറ്റൽ ബ്ലോക്ക് MEP വർക്കുകൾ
- ബോയ്സ് ഹോസ്റ്റൽ, നോൺ ടീച്ചിങ് ക്വാർട്ടേഴ്സ്, ടീച്ചിങ് ക്വാർട്ടേഴ്സ് എന്നിവയുടെ സിവിൽ വർക്കുകൾ, MEP വർക്കുകൾ, ELV വർക്കുകൾ.
- റോഡ് ആന്റ് പാർക്കിംങ് ഏരിയ, sump, സെപ്റ്റിക് ടാങ്ക് തുടങ്ങിയ വർക്കുകൾ
- ഹോസ്പിറ്റൽ ഉപകരണങ്ങൾ.
- ഓഡിറ്റോറിയം, ലൈബ്രറി, കോമ്പൗണ്ട് വാൾ തുടങ്ങിയ സൗകര്യങ്ങൾ.
- ഹോസ്പിറ്റൽ ബ്ലോക്ക് ബാക്കി പ്രവർത്തികൾ

| | | | |
|---|---|---|---|
| | | | സബ് സ്റ്റേഷൻ സിവിൽ വർക്കുകൾ, ടീച്ചിങ് ക്വാർട്ടേഴ്സ് ആന്റ് ഗേൾസ് ഹോസ്റ്റൽ MEP വർക്കുകൾ.<br>മേൽ പറഞ്ഞവയിൽ ഹോസ്പിറ്റൽ ബ്ലോക്കിന്റെ ബാക്കി പ്രവൃത്തികളും ടീച്ചിങ് ക്വാർട്ടേഴ്സ് ആന്റ് ഗേൾസ് ഹോസ്റ്റൽ MEP തുടങ്ങിയവയുടെ പ്രവൃത്തികളും ആരംഭിച്ചിട്ടുണ്ട്.<br><br>**മെഡിക്കൽ കോളേജ് കോമ്പൗണ്ട് വാൾ നിർമ്മാണം**<br>G.O.(Rt)No.3314/2025/H&FWD Dated: 28-10-2025 പ്രകാരം 4,07,10,000/- രൂപയ്ക്ക് സർക്കാർ പ്ലാൻ ഫണ്ട് വഴി മെഡിക്കൽ കോളേജിൽ കോമ്പൗണ്ട് വാൾ നിർമ്മിക്കാനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br>**HT കണക്ഷൻ**<br>മെഡിക്കൽ കോളേജിലേക്ക് HT കണക്ഷൻ ലഭ്യമാക്കുന്നതിനായി 3,78,644/- രൂപ അനുവദിക്കുകയും HT കണക്ഷൻ ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.<br>കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി ആകെ 305 തസ്തികകൾ സൃഷ്ടിച്ചിട്ടുമുണ്ട്. |